# **താല്പര്യപത്രം**

മലയാള ഭാഷയിൽ ഊർജ്ജസംരക്ഷണ വിഷയങ്ങളിൽ
പുസ്തകങ്ങൾ തയ്യാറാക്കുന്നതിനായി എഴുത്തുകാരിൽനിന്നും
താല്പര്യപത്രം ക്ഷണിക്കുന്നു

**എനർജി മാനേജ്മെന്റ് സെന്റർ – കേരള**

നവംബർ 2024

## മുഖവുര

മലയാളഭാഷാ പ്രോത്സാഹനത്തിനായി 'ഭരണഭാഷ മാതൃഭാഷ' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ളതും സ്വന്തം നിലയിലുള്ളതുമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

മലയാളഭാഷാ പ്രോത്സാഹനത്തിനായി എനർജി മാനേജ്മെന്റ് സെന്ററിൽ ഡയറക്ടർ ചെയർമാനായി ഭരണഭാഷാ പ്രോത്സാഹനസമിതി രൂപീകരിച്ചിട്ടുണ്ട്.

എല്ലാ മേഖലകളിലും ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജസംരക്ഷണസന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിനു വേണ്ടി വ്യാപകമായ പ്രചാരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ഇതിനായി കൈപുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തു വരുന്നു.

ഇത്തരം പുസ്തകങ്ങളും ലഘുലേഖകളും മറ്റും മാതൃഭാഷയിൽ തയ്യാറാക്കുന്നത് ഊർജ്ജസംരക്ഷണ സന്ദേശം കൂടുതൽ ആളുകളിൽ കൂടുതൽ ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമാകും. അതിനായി എഴുത്തുകാരുടെ സഹായത്തോടുകൂടി മലയാള ഭാഷയിൽ കൂടുതൽ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. അതിനായി ഊർജ്ജസംരക്ഷണ സംബന്ധിയായ വിവിധ വിഷയങ്ങളിൽ പുസ്തക രചന നിർവ്വഹിക്കുന്നതിനായി എഴുത്തുകാരിൽ നിന്നും താല്പര്യ പത്രം ക്ഷണിക്കുന്നു.

### ഉദ്ദേശ്യം

- ഊർജ്ജസംരക്ഷണ വിഷയങ്ങളിലും , നിലവിലുള്ള സാങ്കേതിക വിദ്യകളെപ്പറ്റിയും ഊർജ്ജസംരക്ഷണ രംഗത്തുണ്ടാകുന്ന സാങ്കേതിക പുരോഗതികളെക്കുറിച്ചും വികസന പ്രവർത്തന ങ്ങളെക്കുറിച്ചും മാതൃഭാഷയിൽ അറിവ് പകരുക.
- മലയാള ഭാഷയിൽ പുസ്തകങ്ങൾ രചിക്കുന്നതിന് കൂടുതൽ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

### പുസ്തകരചനാ വിഷയങ്ങൾ

- കുട്ടികളും ഊർജ്ജസംരക്ഷണവും
- ഊർജ്ജസംരക്ഷണം വീട്ടമ്മമാരിലൂടെ
- ഊർജ്ജം ഊജ്ജസംരക്ഷണം ഊർജ്ജകാര്യക്ഷമത
- ഊർജ്ജസംരക്ഷണത്തിന്റെ സാമൂഹിക പ്രസക്തി
- ഊർജ്ജസംരക്ഷണവും കാലാവസ്ഥാ വ്യതിയാനവും

**താല്പര്യപത്രത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങളും അപേക്ഷകൾ വിലയിരുത്തുന്ന രീതിയും**

*യോഗ്യത*

സ്വന്തം നിലയിലോ പ്രസാധകർ മുഖേനയോ രണ്ടോ അതിൽക്കൂടുതലോ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചവർ

*അപേക്ഷ വിലയിരുത്തൽ*

ഈ അപേക്ഷ പ്രകാരം എനർജി മാനേജ്മെന്റ് സെന്ററിൽ ലഭിക്കുന്ന അപേക്ഷകൾ ഇതിനായി രൂപീകരിക്കുന്ന സമിതി താഴെപ്പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതായിരിക്കും

- അപേക്ഷകൻ നേരത്തെ എഴുതിയതും പ്രസിദ്ധീകരിച്ചതുമായ പുസ്തകങ്ങൾ
- അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വിഷയത്തിലുള്ള അറിവ്
- അപേക്ഷകന് ലഭിച്ചിരിക്കുന്ന അംഗീകാരങ്ങൾ
- സമിതിക്ക് ഉചിതമെന്നു തോന്നുന്ന മറ്റു വിഷയങ്ങൾ

*പ്രതിഫലം*

ലഭിക്കുന്ന അപേക്ഷകൾ, പുസ്തക രചനയ്ക്ക് ഉദ്ദേശിക്കുന്ന വിഷയങ്ങൾ എന്നിവ ഇതിനായി നിയോഗിക്കുന്ന സമിതി വിലയിരുത്തിയതിനുശേഷം പുസ്തക രചനയ്ക്കുള്ള ഉചിതമായ പ്രതിഫലം നിശ്ചയിച്ച് അപേക്ഷകരെ അറിയിക്കുന്നതാണ്.

**ധാരണാ പത്രം**

തെരഞ്ഞെടുക്കപ്പെടുന്ന എഴുത്തുകാർ എനർജി മാനേജ്മെന്റ് സെന്ററുമായി ഒരു ധാരാണാ പത്രത്തിൽ ഒപ്പു വെക്കേണ്ടതാണ്.

**കാലയളവ്**

പുസ്തകരചനയ്ക്കായി അനുവദിച്ചിരിക്കുന്ന സമയം ധാരണാ പത്രം ഒപ്പിടുന്നതു മുതൽ 6 മാസക്കാലമാണ്

**അപേക്ഷ സമർപ്പിക്കുന്ന രീതി**

അപേക്ഷകരുടെ യോഗ്യത, പ്രവൃത്തി പരിചയം, പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ വിശദവിവരം എന്നിവ കാണിച്ച് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ഓരോ കോപ്പി സഹിതം എനർജി മാനേജ്മെന്റ് സെന്ററിലേക്ക് അയക്കേണ്ടതാണ്.

വിലാസം

ഡയറക്ടർ
എനർജി മാനേജ്മെന്റ് സെന്റർ – കേരള

ശ്രീകാര്യം പോസ്റ്റ്, തിരുവനന്തപുരം – 695 017
ഫോൺ – 0471 2594922/24

ഇ – മെയിൽ – emck@keralaenergy.gov.in

വെബ്സൈറ്റ് – www.keralaenergy.gov.in